## കരുണ

കരുണ ഉന്നത വികാരം. മറ്റുള്ളവയെ ഉൾക്കൊള്ളുകയും അംഗീകരിക്കുകയും സമഭാവനയോടെ സമീപിക്കുകയും ചെയ്യുന്നതിന്റെ ലക്ഷണം.

എല്ലാ ജീവികളുടെ മനസ്സിലും ദൈവം കാരുണ്യം നിക്ഷേപിച്ചിട്ടുണ്ട്.

മാതാവിന്റെ ഗർഭപാത്രവുമായി ബന്ധപ്പെട്ട പദമാകുന്നു കരുണ. അറബിയിൽ ഗർഭപാത്രത്തിന് റഹ്ം എന്നു പറയുന്നു. കുടുംബ ബന്ധത്തിനും അതേ പദമാണ് ഉപയോഗിക്കുക. കാരുണ്യത്തിനും റുഹ്ം എന്നു പറയുന്നു.

കരുണ ഒരു നിമിത്തം കൂടിയാണ്. കരുണ കാണിക്കുന്നവരോട് മാത്രമേ ദൈവം കരുണ കാണിക്കുകയുള്ളൂ. അവനാകുന്നു കരുണയുടെ അടിസ്ഥാനം.

കാരുണ്യത്തിൽനിന്ന് ഉടലെടുക്കുന്ന സമീപനം സമൂഹത്തിൽ സാഹോദര്യം നിലനിറുത്തും. അവിടെ മനുഷ്യർക്കിടയിൽ പിണക്കം ഉണ്ടാക്കുന്ന പൈശാചികതക്ക് പ്രവേശനം ഉണ്ടാകില്ല. അത് പ്രകൃതി നിയമമാകുന്നു.

കരുണ കുടുംബ-സമൂഹബന്ധങ്ങളെ വിശുദ്ധമായി നിലനിറുത്തും. അതിനാൽ പ്രവാചകൻ മുഹമ്മദ് അരുളി: ''ഭൂമിയിലുള്ളവരോട് കരുണ കാണിക്കാത്തവരോട് ആകാശത്തുള്ളവൻ കരുണ കാണിക്കുകയില്ല.''

സ്നേഹമില്ലാത്ത മനസ്സിൽ കരുണയുണ്ടാകില്ല. കരുണ എല്ലാ ജീവികൾക്കും പ്രകൃതി വസ്തുക്കൾക്കും അവകാശപ്പെട്ടതാണ്. അതിൽ പക്ഷപാതിത്വം കാണിക്കുന്നതിനർഥം മനസ്സ് സങ്കുചിതമാകുന്നു എന്നത്രെ.

ഒരിക്കൽ തന്റെ അനുയായികളോടൊപ്പം യാത്ര ചെയ്യുകയായിരുന്ന പ്രവാചകൻ ഒരിടത്ത് തമ്പടിച്ചു. തണുപ്പായതിനാൽ ചിലർ അകലെ ഒരിടത്ത് തീകൂട്ടി. പുക ഉയരുന്നത് കണ്ട പ്രവാചകൻ വേഗം വെള്ളം ഒഴിച്ചു തീ അണക്കാൻ ആവശ്യപ്പെട്ടു. കാര്യമെന്തെന്നറിയാനായി അവർ ചുറ്റും പരതി. അപ്പോഴാണ് ഉറുമ്പുകൾ അതിലെ ചാലിട്ട് വരുന്നത് അവർ കണ്ടത്. കരുണയുടെ ഈ വികാരത്തിലാണ് പ്രപഞ്ച ജീവിതം സംതുലിതത്വം പാലിക്കുന്നത്.

കരുണ സോപധികമാകരുത്. മറ്റുള്ളവരോട് നിസ്വാർഥമായി കരുണ കാണിക്കാൻ സാധിക്കണം. മുൻവിധികൾ മാനുഷിക വികാരങ്ങൾക്ക് ഉചിതമല്ല.

മൂന്നു തരം വൈകാരികതലങ്ങളാണ് കരുണക്കുള്ളത്. അവയിൽ പ്രധാനം മനുഷ്യസമൂഹത്തോട് കാണിക്കേണ്ട കാരുണ്യമാണ്.

ഒന്ന്, മനുഷ്യർ പരസ്പരം കാണിക്കേണ്ട കാരുണ്യം.

ഒറ്റ കുലം എന്നതാണ് മനുഷ്യവംശത്തെ സംബന്ധിച്ച ഖുർആന്റെ വീക്ഷണം. അതിനാൽ മനുഷ്യർ തമ്മിലുള്ള ബന്ധത്തെ സാഹോദര്യബന്ധം എന്ന പദം കൊണ്ട് വിശേഷിപ്പിച്ചു. സഹോദരൻ എന്നാൽ ഒരേ വയറ്റിൽ പിറന്നവൻ എന്ന് വിവക്ഷ. ഇത് മനുഷ്യസ്രഷ്ടാവ് തന്നെ നിശ്ചയിച്ച സംവിധാനം. അതിലാണ് ജീവിതം സുരക്ഷിതമായി നിലനിൽക്കുക. ഈ ബോധം എപ്പോൾ നഷ്ടപ്പെട്ടിട്ടുണ്ടോ അപ്പോഴൊക്കെ പ്രശ്നങ്ങളും ഉണ്ടായിട്ടുണ്ട്.

കുടുംബത്തോടാണ് ഏറെ കാരുണ്യം കാണിക്കേണ്ടത്. ചെറിയവരോട് കൂടുതൽ കരുണ കാണിക്കുക. അതിലേറെ വൃദ്ധരായ മാതാപിതാക്കളോടും. ചെറുപ്പത്തിൽ അവരാണല്ലോ പോറ്റിവളർത്തിയത്. അന്ന് അതിനു വേണ്ടി അവർ എത്രമാത്രം പ്രയാസപ്പെട്ടിട്ടുണ്ടാകും?

ഇന്ന് വൃദ്ധരായ മാതാപിതാക്കളെ ഏതുവിധേനയും സ്വന്തം ചുമലിൽനിന്ന് പുറത്താക്കുവാനുള്ള ശ്രമമാണ് കാണുന്നത്. സ്വന്തം മക്കളിൽനിന്ന് ലഭിക്കാത്ത കരുണയും പരിഗണനയും മറ്റെവിടെനിന്ന് അവർക്ക് ലഭിക്കും? മക്കളുടെ പരിചരണവും സ്നേഹവും കരുണയും അവർക്ക് ഏറെ ആവശ്യമുള്ള കാലമാണ് വാർധക്യം. അതിനാൽ ദൈവം മനുഷ്യരോട് പറഞ്ഞു: അവർ ഇരുവർക്കും (മാതാപിതാക്കൾ) നീ നിന്റെ കാരുണ്യത്തിന്റെ ചിറകുകൾ താഴ്ത്തിക്കൊടുക്കുക. അവർക്ക് വേണ്ടി പ്രാർഥിക്കുകയും ചെയ്യുക: നാഥാ, അവർ എന്നെ ചെറുപ്പത്തിൽ പോറ്റിവളർത്തിയതു പോലെ നീ അവരോട് കരുണ കാണിക്കേണമേ.''

പരസ്പരം കരുണയില്ലാത്ത കുടുംബവും സമൂഹവും സംഘർഷം നിറഞ്ഞതായിരിക്കും.

രണ്ട്, പ്രകൃതിയോടുള്ള കാരുണ്യം.

പ്രകൃതിയോടുള്ള മനുഷ്യന്റെ ക്രൂരതയാണ് ഇന്ന് മനുഷ്യന്റെ ആരോഗ്യം നേരിടുന്ന വലിയ വില്ലുവിളി. പ്രകൃതിക്കും ഒരു പ്രകൃതിയുണ്ട്. അത് ജീവന്റെ നിലനിൽപിനായി ദൈവം നിശ്ചയിച്ചത്. അതിനെ ധിക്കരിക്കുന്നതും മറികടക്കുന്നതും പ്രശ്നങ്ങൾ ഉണ്ടാക്കും. അതിനാലാണ് ''ഭൂമിയിൽ നിങ്ങൾ കുഴപ്പം ഉണ്ടാക്കരുതെ''ന്ന് ദൈവം കൽപിച്ചത്.

പ്രകൃതിയുടെ നേരെയുള്ള അക്രമം മനുഷ്യവർഗത്തോട് ചെയ്യുന്ന അക്രമത്തിന് തുല്യം. ആ രീതിയിൽ സ്വയം മരിക്കുന്നവൻ ആത്മഹത്യ ചെയ്യുന്നതിന് തുല്യം. കാരണം, സുഖമായി ജീവിക്കാനുള്ള സംവിധാനമായാണ് ദൈവം ഈ പ്രകൃതിയെ പ്രത്യേക രീതിയിൽ സംവിധാനിച്ചത്. അതിനെ മാറ്റിമറിക്കാൻ ആർക്കും അവകാശമില്ല.

മൂന്ന്, ഇതര ജീവികളോടുള്ള കരുണ.

പ്രകൃതിയുടെ ഭാഗമാണ് അതിലെ ജീവികൾ. മനുഷ്യജീവിതത്തെ സേവിക്കുന്നവയാണവ. ഭക്ഷണമായും മരുന്നായും മറ്റു വിഭവങ്ങളായും ദൈവം ഈ പ്രകൃതിയിൽ സംവിധാനിച്ച താണ് അവയെ. അനാവശ്യമായ സമീപനം അവയുടെ നേരെ അരുത്. അവ ജീവിക്കുന്ന പ്രകൃതിയെ നശിപ്പിക്കരുത്. അതാണ് അവയോട് ചെയ്യുന്ന കരുണ. മനുഷ്യജീവിതത്തിന്റെ നിലനിൽപ് തന്നെയാണ് അതിന്റെയും ലക്ഷ്യം.

മനുഷ്യർ തമ്മിലുള്ള ബന്ധങ്ങളും ഇടപാടുകളും സ്നേഹത്തിന്റെയും കരുണയുടെയും അടിസ്ഥാനത്തിലുള്ളതാകുന്നു. അത് നീതിനിഷ്ഠമാകണമെങ്കിൽ കാരുണ്യവും സ്നേഹവും ആവശ്യമാണ്.

കാരുണ്യത്തെ മനസ്സിന്റെ അലിവ് എന്നും വിശേഷിപ്പിക്കാം. പെരുമാറ്റത്തിൽ അപരനോട് നിസ്സീമമായ സ്നേഹവാത്സല്യവും അനുകമ്പയും പ്രകടിപ്പിക്കുക എന്നാണ് അതിനർഥം. തന്റെ സമീപനം മറ്റുള്ളവരെ അൽപമെങ്കിലും വേദനപ്പിക്കുകയോ പ്രയാസപ്പെടുത്തുകയോ ചെയ്യുന്ന പ്രവണത ഇല്ലാതിരിക്കുക എന്നതാണ് അതിന്റെ രീതിശാസ്ത്രം.

ഈ സമീപനവും സ്വഭാവവും വ്യക്തിത്വത്തിന്റെ ആകർഷണീയതയാണ്.

പരസ്പര ബന്ധങ്ങൾക്ക് ഊഷ്മളതയും ഉന്മേഷവും നൽകുന്നതാണ് കാരുണ്യത്തോടു കൂടിയ സമീപനം.